# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജനവരി 17

# വാർത്താക്കുറിപ്പ്

---

**അപകട ചികിത്സയ്ക്കായി തിരുവനന്തപുരത്തും കോഴിക്കോട്ടും**

**അത്യാധുനിക ട്രോമാ കെയർ യൂണിറ്റ്: മന്ത്രി കെ.കെ. ശൈലജ ടീച്ചർ**

അപകടചികിത്സയ്ക്കായി തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളജുകളിൽ ഏറ്റവും അത്യാധുനികമായ ലെവൽ 1 ട്രോമാ കെയർ യൂണിറ്റുകൾ സ്ഥാപിക്കുമെന്ന് ആരോഗ്യ-സാമൂഹികനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ പറഞ്ഞു. അപകട ചികിത്സാ സഹായ അവകാശ ബില്ലുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല നിയമ പഠനവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന നിയമപരിഷ്കാര കമ്മിഷനും മനുഷ്യാവകാശകമ്മിഷനും തൃശ്ശൂർ ചികിത്സാ നീതിയും ഇൻഫോ ക്ലിനിക്കും സംയുക്തമായി സംഘടിപ്പിച്ച സംസ്ഥാനതല ഏകദിന ശില്പശാല കോട്ടയത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

തിരുവനന്തപുരത്തും കോഴിക്കോട്ടും അപ്പെക്സ് ട്രോമാകെയർ യൂണിറ്റ് എന്ന നിലയിലാകും പ്രവർത്തനം. എട്ടു ജില്ലാ ആശുപത്രികളിൽ ലെവൽ 2 ട്രോമാ കെയർ യൂണിറ്റുകളും മറ്റു ജില്ലാ-താലൂക്ക് ആശുപത്രികളിൽ ലെവൽ 3 യൂണിറ്റുകളും സ്ഥാപിച്ച് അപകടങ്ങൾക്ക് അടിയന്തരചികിത്സാ സൗകര്യമൊരുക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. സ്വകാര്യ ആശുപത്രികളെയും ഇതിന്റെ ഭാഗമാക്കും. അപകടത്തിൽപ്പെടുന്നയാൾക്ക് 48 മണിക്കൂറിനുള്ളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. അപകടത്തിൽപ്പെടുന്നയാൾക്ക് ചികിത്സിക്കാൻ പണമുണ്ടോ, ചെലവ് താങ്ങാനാകുമോ എന്ന ചോദ്യങ്ങൾ ഒഴിവാക്കി ജീവൻരക്ഷിക്കുന്നതിന് മുൻഗണന നൽകാൻ ആശുപത്രികളെ സജ്ജീകരിക്കേണ്ടതുണ്ട്. അപകടത്തിൽപ്പെടുന്നയാളെ മറ്റ് ആശുപത്രികളിലേക്ക് മാറ്റുന്ന പതിവിന് വിപരീതമായി ആശുപത്രികൾ നിലവാരമനുസരിച്ച് ചികിത്സ നൽകണം. ആതുരസേവനത്തിലെ ധാർമികത ഉയർത്തിപ്പിടിക്കണം. കേസ് പേടിക്കുന്ന അവസ്ഥ മാറ്റിയെടുക്കാനാണ് ശ്രമം. അപകട ചികിത്സയ്ക്ക് പരിശീലനം നൽകാൻ തിരുവനന്തപുരത്ത് അപ്പെക്സ് പരിശീലനകേന്ദ്രം തുടങ്ങും. അപകടമുണ്ടാകുന്ന സ്ഥലത്ത് 10 മിനിട്ടിനുള്ളിൽ ആംബുലൻസ് എത്തുന്ന സംവിധാനവും നിലവിൽ വരും. 515 ആംബുലൻസുകൾ ഇതിനായി ഉപയോഗിക്കുന്നതിനുള്ള ടെണ്ടർ നടപടികളായിട്ടുണ്ട്. അപകടത്തിൽപ്പെട്ടവരെ സുരക്ഷിതമായി ആശുപത്രിയിലെത്തിക്കാൻ പരിശീലനം നേടിയവരാകും ആംബുലൻസ് ജീവനക്കാർ. അപകടത്തിൽപ്പെട്ടയാൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനൊപ്പം ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും സുരക്ഷകൂടി ഉറപ്പാക്കുന്നതായിരിക്കണം അപകട ചികിത്സാ സഹായ അവകാശ ബില്ലെന്നും ഈ സർക്കാരിന്റെ കാലയളവിൽ തന്നെ ബിൽ നടപ്പാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

ബിൽ നടപ്പായാൽ അപകട ചികിത്സാ സഹായം അവകാശമാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറുമെന്ന് മുഖ്യാതിഥിയായ ജസ്റ്റിസ് കെ.ടി. തോമസ് പറഞ്ഞു. നിയമപരിഷ്ക്കരണ കമ്മിഷൻ പല നിയമങ്ങളും പരിഷ്ക്കരിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകിയിട്ടുണ്ട്. സാംക്രമികരോഗ ഭീഷണി തടയുന്നതിനായി മതപരമായ ചില ചടങ്ങുകൾ മാറ്റണമെന്ന് നിർദേശിച്ചപ്പോൾ പ്രതിഷേധമുണ്ടായി. കുഷ്ഠരോഗികൾക്ക് ജോലിയിലും മറ്റുമുള്ള അയോഗ്യതകൾ മാറ്റണമെന്ന് നിർദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേസ് ഭയന്ന് അപകടങ്ങളിൽ സാരമായി പരുക്കേറ്റവരെ ചികിത്സിക്കാതെ മറ്റ് ആശുപത്രികളിലേക്ക് മാറ്റുന്ന സ്ഥിതിവിശേഷം മാറണമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച

മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. നിയമപരിഷ്കരണ കമ്മിഷനംഗം പ്രൊഫ. എൻ.കെ. ജയകുമാർ ബിൽ പരിചയപ്പെടുത്തി. സിൻഡിക്കേറ്റംഗം ഡോ. അജി സി. പണിക്കർ, സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ട് മേധാവി പ്രൊഫ. ബിസ്മി ഗോപാലകൃഷ്ണൻ, നിയമപരിഷ്കരണ കമ്മിഷൻ സെക്രട്ടറി വി.എം. ചാക്കോ, സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ നവനീത് മേനോൻ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന വിവിധ സെഷനുകളിൽ നിയമപരിഷ്കരണ കമ്മിഷൻ വൈസ് ചെയർമാൻ കെ. ശശിധരൻ നായർ, അംഗം ലിസമ്മ അഗസ്റ്റിൻ, പ്രൊഫ. വി.ആർ. ജയദേവൻ, ഡോ. ജിനീഷ് എന്നിവർ മോഡറേറ്റർമാരായി. വിവിധ വിദഗ്ധർ സംസാരിച്ചു.

സമാപന സമ്മേളനത്തിൽ പ്രൊഫ. പി.കെ. ബാലകൃഷ്ണൻ, കെ. വേണു, ഡോ. പി.വി. ജിജി, ഡോ. റോണി തോമസ്, ജോർഡ് ഉമ്മൻ, ഡോ. ജാസ്മിൻ അലക്സ്, രാഹുൽ എസ്. നാഥ് എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**അപകട ചികിത്സാ സഹായ അവകാശ ബില്ലുമായി ബന്ധപ്പെട്ട് മഹാത്മാ ഗാന്ധി സർവകലാശാല നിയമ പഠനവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാന നിയമപരിഷ്കാര കമ്മിഷനും മനുഷ്യാവകാശകമ്മിഷനും തൃശ്ശൂർ ചികിത്സാ നീതിയും ഇൻഫോ ക്ലിനിക്കും സംയുക്തമായി സംഘടിപ്പിച്ച സംസ്ഥാനതല ഏകദിന ശില്പശാല കോട്ടയത്ത് ആരോഗ്യ-സാമൂഹികനീതി വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/76/2019)

## എം.എഡ്. എക്സ്റ്റേണൽ പരീക്ഷ

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ മൂന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) 2017-19 ബാച്ചിന്റെ എക്സ്റ്റേണൽ പരീക്ഷ ഫെബ്രുവരി ആറിന് ആരംഭിക്കും. 1100 രൂപയാണ് പരീക്ഷഫീസ്. പൂരിപ്പിച്ച അപേക്ഷ പിഴയില്ലാതെ ഓൺലൈനായി ജനുവരി 28വരെയും 50 രൂപ പിഴയോടെ 31 വരെയും പഠനവകുപ്പിൽ സ്വീകരിക്കും. എസ്.സി./എസ്.ടി./ഒ.ഇ.സി. വിദ്യാർഥികൾ ഫീസടയ്ക്കേണ്ടതില്ല.

(പി.ആർ.ഒ./39/77/2019)

## പരീക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. ജനുവരി 2019 പരീക്ഷകൾ ജനുവരി 22ന് ആരംഭിക്കും.

(പി.ആർ.ഒ./39/78/2019)

മൂന്നാം സെമസ്റ്റർ ബി.പി.എഡ്. (2017 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി 31ന് ആരംഭിക്കും. പിഴയില്ലാതെ ജനുവരി 21 വരെയും 500 രൂപ പിഴയോടെ 22 വരെയും 1000 രൂപ സൂപ്പർഫൈനോടെ 24 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ./39/79/2019)

## ഓഫീസ് അസിസ്റ്റന്റ്; വാക്ക് ഇൻ ഇന്റർവ്യൂ

കോട്ടയം തലപ്പാടി അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ഓഫീസ് അസിസ്റ്റന്റിന്റെ ഒരു ഒഴിവുണ്ട്. കരാർ വ്യവസ്ഥയിൽ മൂന്നു മാസത്തേക്കാണ് നിയമനം. പ്രീഡിഗ്രി/പ്ലസ്ടു പൂർത്തിയാക്കിയവരോ/പാസായ, സർക്കാർ/സർവകലാശാലകളിൽ നാലു വർഷത്തിൽ കുറയാതെ പ്രവൃത്തിപരിചയമുള്ള ഉദ്യോഗാർത്ഥികൾ ജനുവരി 21ന് രാവിലെ 10.30ന് അസൽ രേഖകളും പകർപ്പുകളും സഹിതം ഗവേഷണ കേന്ദ്രത്തിലെത്തണം.

(പി.ആർ.ഒ./39/80/2019)

## യോഗ ദേശീയ സെമിനാർ ഇന്ന്

മഹാത്മാ ഗാന്ധി സർവകലാശാല സെന്റർ ഫോർ യോഗ ആന്റ് നാച്ചുറോപ്പതി സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന യോഗ ദേശീയ സെമിനാർ ഇന്ന് (ജനുവരി 18) രാവിലെ 10ന് പെഡഗോഗിക്കൽ സയൻസസ് സെമിനാർ ഹാളിൽ നടക്കും. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യും. പ്രൊഫ. ടി.എസ്. ഗിരീഷ് കുമാർ മുഖ്യ പ്രഭാഷണം നടത്തും. ഡോ. ജയ ജയ്സ്, ഡോ. എൻ. രാജീവ് കുമാർ, ഡോ. എം.ആർ. ഗോപാലകൃഷ്ണൻ

നായർ, ഡോ. ആർ. സഞ്ജയ് ആനന്ദ്, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, ഡോ. സജ്ന ജലീൽ എന്നിവർ പ്രസംഗിക്കും.

(പി.ആർ.ഒ./39/81/2019)

## എം.ജി. സർവകലാശാല എൻ.എസ്.എസ്.

## അവാർഡ് വിതരണം ഇന്ന്

മഹാത്മാഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം 2017-18 അവാർഡ് വിതരണം ഇന്ന് (ജനുവരി 18) സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. രാവിലെ 10.30ന് വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അവാർഡ് വിതരണോദ്ഘാടനം നിർവഹിക്കും. സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിക്കും. വിവിധ വിഭാഗങ്ങളിലായി 35 അവാർഡുകളാണ് നൽകുന്നതെന്ന് സർവകലാശാല എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു അറിയിച്ചു.

(പി.ആർ.ഒ./39/82/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ